## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3952 — 19-03-2018 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ ഏകോപന സമിതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| എ) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന/ജില്ലാതലങ്ങളിൽ എൻ.ജി.ഒ ഏകോപന സമിതികൾ രൂപീകരിക്കുന്നതിനോ, ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനോ കഴിഞ്ഞിട്ടില്ലായെന്ന് 2017-ലെ സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | എ)<br>&<br>ബി) | 2016 ൽ അംഗീകരിക്കപ്പെട്ട സംസ്ഥാനത്തെ ആദ്യ ദുരന്ത ലഘൂകരണ പദ്ധതിയിൽ Section 5.40 എൻ.ജി.ഓകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാമർശിക്കുന്നു. ഈ പദ്ധതിയിൽ കേരളത്തിൽ സംസ്ഥാന/ജില്ലാ അതോറിറ്റികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ NGO കളെ പരാമർശിച്ചിട്ടുണ്ട്.<br>Disaster Management Act, 2005 പ്രകാരം NGO Coordination Committee രൂപീകരിക്കുവാൻ നിയമപരമായി നിർബന്ധിത ബാധ്യതയില്ലായെങ്കിലും കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാരേതര സ്ഥാപനങ്ങളുടെ (NGO) പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷാഫോറം Online ആയി SDMA യുടെ വെബ്സൈറ്റിൽ നൽകുകയും 31-12-2017 വരെ അപേക്ഷിക്കുവാൻ അനുമതി നൽകുകയും 66 അപേക്ഷകൾ ലഭിച്ചതിൽ 65 NGO കളെ വിവിധ മേഖലയിൽ പരിഗണിക്കാവുന്നവരാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദുരന്ത നിവാരണ ഏകോപന സമിതികളുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ